മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ കോളിഫിക്കേഷൻ വേണമെന്നു പറഞ്ഞിട്ടുള്ള ഉദ്യോഗത്തിനു അതുള്ളവരെതന്നെയാണു് എടുത്തിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുതിയതായി എടുത്തവരിൽ ബി.കോം പാസ്സായിട്ടുള്ളവർ എത്രപേരുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് കൃത്യമായി പറയാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെമ്പർ വല്ലവരുടേയും പേർ നോട്ടു ചെയ്തിട്ടുണ്ടാകും. അതു് ചൂണ്ടിക്കാണിച്ചാൽ അതിനെപ്പറ്റി പറയാം. ഈ പുതിയനിയമനങ്ങളിൽ ഭൂരിഭാഗവും ഡിപ്പാർട്ട്മെണ്ടിൽനിന്നു പ്രമോട്ടു ചെയ്തിട്ടുള്ളവരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഡിപ്പാർട്ട്മെണ്ടിൽനിന്നു പ്രമോഷൻ കൊടുത്തിട്ടുള്ളതു് എന്തു തത്വമനുസരിച്ചാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സീനിയോറ്റി അനുസരിച്ചാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ നിയമനം പബ്ലിക്കു സർവ്വീസ്സു് കമ്മീഷൻ മുഖാന്തിരം നടത്താതിരുന്നതെന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നേരത്തെതന്നെ ഇതിനൊക്കെ കമ്മിറ്റി നിശ്ചയിച്ചിരുന്നു. എന്നുതന്നെയല്ലാ ഈ നിയമനം നടക്കുമ്പോൾ പബ്ലിക്കു സർവ്വീസ്സു് കമ്മീഷൻ വക്കു ചെയ്യ തുടങ്ങിയിട്ടുണ്ടയിരുന്നില്ല. അതുതന്നെയല്ലാ, ഈ കൌൺസ്സിൽതന്നെ അനുവദിച്ചിട്ടുള്ള ഒരു കമ്മറ്റിയാണു് അവരെ നിയമിച്ചതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഇതു് ചോദ്യസമയമാണൊ എന്നറിഞ്ഞാൽ കൊള്ളാം.

Mr. President. Eliciting Information should be in the form of questions not by way of cut motions and I recollect the Hon'ble Member had sent a question also in this matter but it was sent from this office and no answer has come.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനെ സംബന്ധിച്ചു ഞാൻ ചോദിച്ച ചോദ്യത്തിനു ഇതുവരെ മറുപടി കിട്ടിയിട്ടില്ല. അതുകൊണ്ടു് ഈ സന്ദർഭം ഉപയോഗിച്ചു അതിനെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിച്ചതാണു്.

Mr. President: The question was communicated from this office on 4th September 1947. No reply has been received. Then a cut-motion in the form of questions and answers cannot be allowed. Is the Hon'ble Member satisfied with the information that he has got?

Mr. K. S. Panicker *(Ezhuvas-Trichur):* I withdraw the motion.

Mr. President : The form is not strictly in order but as information is required it was supplied. We cannot convert this into questions and answers.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഡിപ്പാർട്ട്മെണ്ടു് വലിയൊരു ഡിപ്പാർട്ട്മെണ്ടാണു്. പണം വളരെയധികം കിട്ടുന്ന ഡിപ്പാർട്ട്മെണ്ടാണു്. അതു പിരിക്കാൻ ആളുകളും വളരെയധികം വേണമെന്നു സമ്മതിക്കുന്നു. നല്ല ആളുകളായിരിക്കണം ഈ ഡിപ്പാർട്ട്മെണ്ടു് ഒരിക്കേണ്ടതു്. അവർ വളരെ ഓണസ്റ്റായിരിക്കണം എന്നുള്ള കാര്യത്തിൽ സംശയമില്ല. കറപ്ഷൻ ഉള്ള ഉദ്യോഗസ്ഥന്മാർ നമ്മുടെ രാജ്യത്തില്ല. ഇതിനു മുമ്പിലത്തെ ചീഫു് ജസ്റ്റീസുതന്നെ അതു് പറഞ്ഞിട്ടുള്ളതാണു്. ഏതായാലും നിയമസഭയുടെ അനുമതിയോടുകൂടി ഞാൻ ഇതു് പിൻവലിക്കുന്നു.

Motion, by leave, withdrawn.

Demand put and carried.

IX Excise

Rao Bahadur T. K. Nayar *(Minister for Home Affairs):* I move for an additional allotmene of Rs. 21,569 under "10 Excise". Prohibition has been introduced in the Chittur Taluk of the State from 1st October 1947 and the following additional staff are required to work up the prohibition scheme. One prohibition officer on Rs. 150—200, One sub-inspector on Rs. 60—100, 8 petty officers on Rs. 30 each and 20 peons on Rs. 20 each. This amount is required for the payment of the staff. I request that the House may grant sanction for this.

Mr. **Shabdai S. Koder** *(Nominated):* On a point of information, Sir. May I know whether it is a fact that the prohibition officer was found drunk in the Chittur Taluk or any officer in charge of prohibition was found drunk and also may I know how far the attempt is successful so far?

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

* റാവു ബഹദൂർ ടി. കെ. നായർ: ഞാൻ ഒന്നും മറച്ചുവെക്കാതെ പറയുകയാണു്. അവിടെ ഒരു പ്രോഹിബിഷൻ സ്റ്റാഫ് ഉണ്ടു്. അതിൽ ഒരാൾ എന്തോ കുറച്ചു കഴിച്ചു എന്നു കേട്ടു. അതു് ബ്രാണ്ടിയാണെന്നു തോന്നുന്നു. അയാൾ സ്വതവേ കുടിക്കുന്ന ഒരാളല്ല. അയാളുടെ ഭാര്യയുടെ പ്രസവാവശ്യത്തിനു കുറച്ചു ബ്രാണ്ടി മേടിച്ചിരുന്നു. അവരതുപയോഗിച്ചതിനു ശേഷം കുപ്പിയുടെ അടിയിൽ കുറച്ചുണ്ടായിരുന്നു. അയാൾ അതെടുത്തു കുടിക്കാൻ ഭാവിച്ചപ്പോൾ ഭാര്യ കുടിക്കരുതെന്നു പറഞ്ഞു തടുത്തു. ആ ഉപദേശം കേൾക്കാതെ അതെടുത്തു അവസാനിപ്പിച്ചു. അയാൾ വീട്ടിൽനിന്നു പുറത്തുവന്നതോടുകൂടി ചിലർ ആ വാസന കണ്ടെത്തി. ഉടനെ അയാളെ പിടിച്ചു ഡാക്ടരുടെ അടുക്കൽ കൊണ്ടുപോയി എക്സാമിൻ ചെയ്തു. അപ്പോൾ വാസനയുണ്ടെന്നു് ഡാക്ടർ പറഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കുടിച്ചിട്ടുള്ള വാസനയൊ അതോ കുടിക്കുവാനുള്ള വാസനയൊ ഡാക്ടർ ഉണ്ടെന്നു പറഞ്ഞതു്? (ചിരി).

റാവു ബഹദൂർ ടി. കെ. നായർ: ഈ വിവരം അറിഞ്ഞ ഉടനെതന്നെ അയാളെ സസ്പെൻഡ് ചെയ്യിപ്പിച്ചു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കുടിച്ചു എന്നു സംശയിച്ചു അയാളെ സസ്പെൻഡ് ചെയ്തതു് അയാളുടെ തലവിധിയല്ലേ?

റാവു ബഹദൂർ ടി. കെ. നായർ: ഇതു എളുപ്പത്തിൽ ഇതു് കണ്ടുപിടിച്ചു് ഇതിനുവേണ്ട നിവാരണം ചെയ്തു എന്നുള്ളതുതന്നെ പ്രോഹിബിഷൻ സ്റ്റാഫിനു വലിയ ക്രഡിറ്റല്ലേ?

* ചൌധരി ജി. എസ്സ്, ധാരാസിംഹ്: ചിറ്റൂരിൽ പ്രോഹിബിഷൻ സ്റ്റാഫിൽപെട്ട ഒരു ഉദ്യോഗസ്ഥൻ ഭാര്യയുടെ ഉപദേശംകൂടി കേൾക്കാതെ എന്തോ കുറച്ചൊന്നു രുചിനോക്കിയെന്നു പറയുകയുണ്ടായല്ലൊ. പാവ്വതിയുടെ ഉപദേശം കേൾക്കാതെ ശ്രീ പരമേശ്വരൻ വിഷം കുടിച്ച സമയത്തു് പാവ്വതി അതു് കീഴോട്ടിറക്കുന്നതിനുമുമ്പു അദ്ദേഹത്തിന്റെ കഴുത്തിനു ഞെക്കിപ്പിടിക്കുകയുണ്ടായല്ലൊ. അതുപോലെ ഈ ഉദ്യോഗസ്ഥന്റെ ഭാര്യ ഇതു് കീഴ്പോട്ടിറക്കുന്നതിനുമുമ്പു് ഭർത്താവിന്റെ കഴുത്തിൽ ഞെക്കിപ്പിടിക്കുകയുണ്ടായോ?

Mr. President: That does not arise.

Mr. Parambi Lonappen *(Minister for Revenue):* I think it was broth with brandy to sleep.

റാവുബഹദൂർ ടി. കെ. നായർ: ഞാൻ സമലത്തുണ്ടായിരുന്നില്ല. എനിക്കു കിട്ടിയ വിവരമാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇതിനെ സംബന്ധിച്ചു് പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തീട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിന്റെ ആവശ്യമില്ല. സംശയം തോന്നിയപ്പോൾ ഉടനെ സസ്പെൻഡ് ചെയ്തു.

Mr. P. A. Mohamed Ashrof *(Cranganur):* They can be booked in a Court of Law also.

റാവുബഹദൂർ ടി. കെ. നായർ: ഈ വക ഉദ്യോഗസ്ഥന്മാരെ കോടതിയിൽ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവക്കു സമാധാനം പറയാനുള്ള ഒരുവസരമെങ്കിലും കൊടുക്കേണ്ടെ?

റാവുബഹദൂർ ടി. കെ. നായർ: പ്രോഹിബിഷൻ സ്റ്റാഫിൽപെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു ഇത്തരം എന്തെങ്കിലും സംശയം തോന്നിയാൽ ഉടനെ ശ്രദ്ധേയമായ നടപടിയെടുക്കും. ഇതിനുശേഷം ആ ഉദ്യോഗസ്ഥന്മാക്കു് വാർണിങ്ങു് കൊടുത്തിട്ടുണ്ടു്. ഗവർമ്മെണ്ടു് അനാവശ്യമായി ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയില്ലായെന്ന ഉത്തമ വിശ്വാസത്തോടുകൂടി ഈ പ്രോഹിബിഷൻ ശരിക്കു നടത്തേണ്ട ആവശ്യത്തിനുള്ള എല്ലാ നടപടികളുമെടുക്കാൻ ഗവർമ്മെണ്ടിനെ അനുവദിക്കണം. ഈ നിയമസഭ വളരെ വാദപ്രതിവാദം നടത്തിയ ശേഷം തീരുമാനിച്ചിട്ടുള്ളതാണു് പ്രോഹിബിഷൻ ശരിയായ വിധത്തിൽ നടത്തണമെന്നുള്ളതു്. ഈ നിയമസഭ വേറൊരു തരത്തിൽ ഡയറക്ഷൻ തരുന്നതുവരെ ഇതു നടത്തിക്കൊണ്ടുപോകുന്നതിനു തടസ്സമുണ്ടാക്കുന്നവരുടെ പേരിൽ കർശനമായ നടപടിയെടുക്കുന്നതാണു്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ ആപ്പീസ്സറെ സംബന്ധിച്ചുള്ള ആവലാതിയെക്കുറിച്ചു പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നില്ലേയെന്നാണു ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അതിനെ സംബന്ധിച്ചു കൃത്യമായി പറയാൻ നോട്ടീസ് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ മരുന്നുകഴിച്ചതു് ഡോക്ടരുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ചാണോ അതോ മനപ്പൂർവ്വമാണോ?

റാവുബഹദൂർ ടി. കെ. നായർ: എപ്രകാരമാണു് ചെയ്തതെന്നു കൃത്യമായി പറയാൻ നോട്ടീസ് വേണം.

Mr. President: What is the subject matter of the motion?

റാവുബഹദൂർ ടി. കെ. നായർ: പ്രോഹിബിഷൻ ഉദ്യോഗസ്ഥന്മാരെ വെയ്ക്കുന്നതിനുള്ള ധനാഭ്യർത്ഥനയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്: പൂൺസിനു ൨൦ രൂപ ശമ്പളമാണു് കൊടുക്കുന്നതു്. അവർക്കു വേറെ പ്രത്യേകം വല്ല അലവൻസും വച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചിലർക്കു സൈക്കിൾ അലവൻസുംകൂടി കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്: സൈക്കിളില്ലാത്തവർക്കു സൈക്കിൾ അലവൻസ് കിട്ടുമോ?

റാവുബഹദൂർ ടി. കെ. നായർ: കിട്ടുകയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ൨൦ രൂപ ശമ്പളമുള്ള ഒരാൾക്കു സൈക്കിൾ വാങ്ങാൻ സാധ്യമല്ലെന്നു ഗവണ്മെണ്ടിനറിയുമോ? അതുകൊണ്ടു് ദിവസവും വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന ഇവർക്കു് ഗവണ്മെണ്ടിൽനിന്നും സൈക്കിൾ വാങ്ങി കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: സൈക്കിൾ അലവൻസ് വച്ചിട്ടുണ്ടു്. അതു സൈക്കിളില്ലാത്തവർക്കു സൈക്കിൾ വാങ്ങികൊടുക്കാനോ അതൊ, സൈക്കിൾ ഉള്ളവർക്കു അലവൻസു് കൊടുക്കാനോ എന്നുള്ളതു നോക്കി പറയാം.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സൈക്കിൾ വാങ്ങി കൊടുക്കുമോ എന്നാണു് ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അലവൻസ് വച്ചിട്ടുള്ളതു് സൈക്കിൾ വാങ്ങികൊടുക്കാനോ അല്ലയോ എന്നുള്ളതു ഇപ്പോൾ പറയാൻ സാധ്യമല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: സൈക്കളില്ലാത്തവർക്കു് ആ ആവശ്യം നിറവേറ്റാൻ തക്ക പ്രോത്സാഹനം കൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: മുപ്പതിൽചില്വാനം പൂൺസ് അവിടെയുണ്ടു്. അതിൽ ൩൦ ആളുകൾക്കു മാത്രമേ സൈക്കിളലവൻസ് കൊടുക്കുന്നുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ: പ്രോഹിബിഷൻ നടപ്പാക്കിയതിനുശേഷം ഈ ഒരു ഉദ്യോഗസ്ഥന്റെ കേസൊഴിച്ചു് വേറെ വല്ല കേസ്സും ഉണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ ദൃഷ്ടിയിൽ ഇതുവരെ ഒന്നും പെട്ടിട്ടില്ല.

മിസ്റ്റർ എസ്സ്. പി. ലൂയീസ്: ഇതേവരെ ഒരു കേസ്സും റജിസ്റ്റു് ചെയ്തിട്ടില്ലെ?

റാവുബഹദൂർ ടി. കെ. നായർ: പ്രോഹിബിഷൻ സ്റ്റാഫ് വളരെ ജാഗ്രതയോടുകൂടി അവിടെ പ്രവർത്തിക്കുന്നുണ്ടു്. അതുകൊണ്ടു് കേസ്സൊന്നും വേണ്ടിവന്നിട്ടില്ല.

Demand put and carried

X. Transfer from "Betelnuts, etc.—Contribution to Government of India" "to 11-c. Betel-nuts, etc. Refunds"

***Rao Bahadur T. K. Nayar** *(Minister for Home Affairs)*: Sir, I move for a transfer of allotment of Rs. 12,000 from "11-C. Betel-nuts, etc.—Contribution to Government of India" to "11-C. Betel-nuts, etc. Refunds".

According to Proclamation II of 1120 duty on betel-nuts was to be collected from 1st April 1944, giving retrospective effect to the Proclamation. But subsequently the retrospective effect of the Proclamation was ordered to be cancelled and duty collected only with effect from 16th

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly